6604
25/3/17



**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോട്ടയം ജില്ല - ശ്രീമതി. ലീലാമ്മ സുകുമാരന് അധിക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ. (ആർ.റ്റി) നമ്പർ. 1348 /2017/റവ. തിരുവനന്തപുരം, തീയതി : 23.03.2017**

പരാമർശം : 1. 16.08.2013 ലെ ജി.ഒ. (എം.എസ്) നം. 338/2013/റവ.
2. 18.10.2016 ലെ ജി.ഒ (ആർ. റ്റി) നം. 4309/2016/ഡിഎംഡി.
3. WP(C) 35249/2016 മേലുള്ള ബഹു. ഹൈക്കോടതിയുടെ 16.12.2016 ലെ വിധിന്യായം
4. കോട്ടയം ജില്ലാ കളക്ടറുടെ 08.03.2017 ലെ H8-2013/25316/5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പ്രകൃതിക്ഷോഭത്തിൽ വീട് പൂർണ്ണമായും തകർന്ന കോട്ടയം ജില്ലയിലെ പാലാ, കൊഴുവനാൽ പി.ഒ, ചെങ്ങാലിക്കുന്നേൽ വീട്ടിൽ ശ്രീമതി. ലീലാമ്മ സുകുമാരന് പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി എന്നിവയിൽ നിന്നും യഥാക്രമം അനുവദിച്ച 70,000/- രൂപ, 80,000/- രൂപ (ആകെ 1,50,000/- രൂപ) എന്നിവയ്ക്ക് പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 50,000/- രൂപ കൂടി അധിക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **50,000/-രൂപ (അൻപതിനായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കോട്ടയം ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.എസ്.ഷീല**
**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ കളക്ടർ, കോട്ടയം
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ -കെ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**